# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 31

# വാർത്താക്കുറിപ്പ്

## 35 കോളജുകളിൽ 53 പുതിയ കോഴ്സുകൾ തുടങ്ങാൻ എം.ജി. സർവകലാശാല സർക്കാർ അനുമതി തേടും

**- ഈ വർഷം മുതൽ പി.ജി.ക്ക് പുതുക്കിയ സിലബസ്**

**- കോളജുകൾ ജൂൺ ആറിന് തുറക്കും**

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള 35 കോളജുകളിൽ 53 ബിരുദ, ബിരുദാനന്തര ബിരുദ കോഴ് സുകൾ പുതുതായി ആരംഭിക്കുന്നതിന് സർക്കാരിന്റെ അനുമതി തേടാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. സർവകലാശാല വൈസ് ചാൻസലറായി നിയമിതനായശേഷം പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ കൂടിയ ആദ്യ സിൻഡിക്കേറ്റ് യോഗത്തിലാണ് തീരുമാനം.

17 ബിരുദാനന്തര ബിരുദ കോഴ് സുകൾക്കും ഒരു ബി.എഡ്. കോഴ്സിനും 35 ബിരുദ കോഴ്സുകൾക്കുമാണ് അനുമതി തേടുന്നത്. ബയോ നാനോടെക്നോളജിയടക്കമുള്ള കോഴ്സുകൾ ഇതിൽ ഉൾപ്പെടുന്നു. പുതുക്കിയ പി.ജി. സിലബസ് അംഗീകരിക്കുകയും 2019-20 അധ്യയന വർഷം നടപ്പാക്കാനും യോഗം തീരുമാനിച്ചു. 90 പി.ജി. പ്രോഗ്രാമുകളുടെ സിലബസാണ് പരിഷ്ക്കരിച്ചത്.

ബിരുദ കോഴ് സുകൾക്ക് വിജയകരമായി നടപ്പാക്കിയ ചോദ്യബാങ്ക് സമ്പ്രദായം ബിരുദാനന്തര ബിരുദ കോഴ് സുകൾക്കും നടപ്പാക്കും. സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകൾ വേനലവധിക്കു ശേഷം ജൂൺ ആറിനു തുറക്കും. ഈ അധ്യയന വർഷം തന്നെ കോളജുകളിലെ വിവിധ വകുപ്പു തലവന്മാരെ റൊട്ടേഷൻ സമ്പ്രദായത്തിൽ നിയമിച്ച് വകുപ്പു തലവന്മാരുടെ പട്ടിക സർവകലാശാലയ്ക്കു കൈമാറണം.

(പി.ആർ.ഒ./39/983/2019)

## പരീക്ഷ സമയം പുനക്രമീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ നാലാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി.(4 പി.എം.-9 പി.എം.) റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയുടെ സമയക്രമം രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നുവരെയാക്കി ക്രമീകരിച്ചു. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/984/2019)

## പരീക്ഷ തീയതി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ബി.ബി.എ. എൽ.എൽ.ബി(2018-19 അഡ്മിഷൻ) ഒന്നാം സെമസ്റ്റർ പരീക്ഷ ജൂൺ 19ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ 10 വരെയും 500 രൂപ പിഴയോടെ ജൂൺ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ ജൂൺ 14 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/985/2019)

## വൈവവോസി

നാലാംസെമസ്റ്റർ എം .എസ്.ഡബ്ല്യൂ.(റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ് ) മേയ് 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവവോസി പരീക്ഷയും ജൂൺ ആറ് , ഏഴ് തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ./39/986/2019)

## പരീക്ഷ ഫലം

2018 സെപ്റ്റംബറിൽ സ്കൂൾ ഓഫ് എൺവയോൺമെന്റൽ സയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എൺവയോൺമെന്റ് സയൻസ് ആൻഡ് ഡിസാസ്റ്റർ മാനേജ് മെന്റ്, എൺവയോൺമെന്റ് സയൻസ് ആൻഡ് മാനേജ്മെന്റ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/987/2019)

2018 ഒക്ടോബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ ബി .കോം. സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് (പ്രൈവറ്റ് രജിസ് ട്രേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/988/2019)

## സ്പോർട്സ് സ്കോളർഷിപ്പിന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർ വകലാശാല 2018-19ലെ സ് പോർട്സ് സ് കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ നിശ്ചിതമാതൃകയിലുള്ള അപേക്ഷ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ജൂൺ 29നകം പ്രിയദർശിനി ഹിൽസിലുള്ള സ് കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആൻഡ് സ് പോർട്സ് സയൻസസിന്റെ ഓഫീസിൽ എത്തിക്കണം . അപേക്ഷ ഫോം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/989/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ